LIBRARY ARCHIVES Kerala Legislative Assembly

(ഇ&എഫ്) കോവിഡ്-19 മഹാമാരിയെ തുടർന്ന്, മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളെല്ലാം സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. വരുമാനം കുറഞ്ഞ, നിത്യനിദാനച്ചെലവുകൾക്ക് ബുദ്ധിമുട്ടുന്ന ക്ഷേത്രങ്ങളിൽ ആയതിന് മാത്രമായി, ഒരു ക്ഷേത്രത്തിന് 10,000 രൂപ വീതം ആകെ 77,80,000 രൂപ മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ചിരുന്നു. പ്രസ്തുത ധനസഹായം ബോർഡിന് കീഴിലുള്ള 559 ക്ഷേത്രങ്ങൾ കൈപ്പറ്റിയിട്ടുണ്ട്.

മാടായിപ്പാറയിൽ ഫയർ സ്റ്റേഷന് സ്ഥലം

116(2152) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി മാടായിപ്പാറയിൽ സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് മലബാർ ദേവസ്വം ബോർഡിൽ സമർപ്പിച്ച അപേക്ഷയിന്മേൽ സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട്, മാടായിപ്പാറയിൽ സ്ഥലം അനുവദിക്കുന്നതിനായി മലബാർ ദേവസ്വം ബോർഡ് ഓഫീസിലോ ചിറയ്ക്കൽ കോവിലകം ദേവസ്വത്തിന്റെ കീഴിലുള്ള മാടായി തിരുവർക്കാട്ട്കാവ് ക്ഷേത്രത്തിലോ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

ക്ഷേത്രക്കുളങ്ങളുടെയും കാവുകളുടെയും സംരക്ഷണം

117(2153) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളോടുചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണത്തിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മലബാർ ദേവസ്വം ബോർഡിന്റെ അധികാര പരിധിയിൽപ്പെടുന്ന ഇത്തരം കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണത്തിന് പദ്ധതി ആവിഷ്കരിക്കുമോ?